**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1272 — 31.10.2019 -ൽ മറുപടിയ്ക്ക്.

## ആധാരം രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | ഉത്തരം<br>ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണവും ആയതിന്മേൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭ്യമായ തുകയും എത്രയാണ് ; | (എ) നടപ്പ് സാമ്പത്തിക വർഷം 2019 സെപ്റ്റംബർ മാസം വരെ ആകെ രജിസ്റ്റർ ചെയ്ത 408590 ആധാരങ്ങളിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 1153.81 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര; | (ബി) 2087 എണ്ണം. |
| (സി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിലെ മഷി പുരട്ടൽ അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിലെ മഷി പുരട്ടൽ അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നതാണ്. |
| (ഡി) ആധാരത്തിന്റെ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുവാൻ രജിസ്ട്രേഷൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; പ്രസ്തുത സംവിധാനം എന്നുമുതൽ പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ? | (ഡി) 2018 മുതൽ ഓൺലൈൻ പോക്കുവരവിന്റെ ഭാഗമായി സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആധാരങ്ങളുടെ പകർപ്പുകൾ ഓൺലൈനായി കാണുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആധാരപകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനു മുന്നോടിയായി സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ |

സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുകയും ആദ്യ ഘട്ടമായി സംസ്ഥാനത്തെ 6 ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. കൂടാതെ ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും അടിയന്തിരമായി പുരോഗമിക്കുകയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആധാരപ്പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുവാൻ സാധിക്കും.

**സെക്ഷൻ ഓഫീസർ**